മെസി നായകൻ

നൗകാമ്പ്: സ്പാനിഷ് ക്ലബ് ബാഴ്സലോണയുടെ നായകനായി അർജന്റീനൻ ഇതിഹാസതാരം ലയണൽ മെസിയെ തെരഞ്ഞെടുത്തു. ടീമിന്റെ ക്യാപ്ടനായിരുന്ന ആന്ദ്രേ ഇനിയേസ്റ്റ കഴിഞ്ഞ സീസണോടെ ടീം വിട്ട ഒഴിവിലാണ് മെസിയെ നിയമിച്ചിരിക്കുന്നത്. ജെറാർഡ് പിക്വയും സെർജി റോബർട്ടോയുമാണ് ടീമിന്റെ വൈസ് ക്യാപ്ടൻമാർ.

മാഞ്ചസ്റ്റർ യുണൈറ്റഡിന്റെ താരങ്ങളായ റൊമേലു ലൂക്കാക്കുവും അലക്സി സാഞ്ചസും ഇംഗ്ലീഷ് പ്രിമിയർ ലീഗിലെ പുതിയ സീസണിലെ ഉദ്ഘാടന മത്സരത്തിൽ ലെസ്റ്റർ സിറ്റിയെ നേരിടുന്നതിന് മുന്നോടിയായി ഇന്നലെ മാഞ്ചസറ്ററിലെ ലോവ്റി ഹോട്ടലിൽ എത്തിയപ്പോൾ.

പ്രിമിയർ ലീഗിൽ ഇന്ന്

(മത്സരം, തുടങ്ങുന്ന സമയം, തത്സമയ സംപ്രേഷണം എന്ന ക്രമത്തിൽ)

ന്യൂകാസിൽ - ടോട്ടനം
(വൈകിട്ട് 5 മുതൽ, സ്റ്റാർസ്പോർട്സ് സെലക്ട് 1/ ഹോട്ട്സ്റ്റാർ)
ഹഡ്ഡേഴ്സ്ഫീൽഡ് - ചെൽസി
(രാത്രി 7.30 മതൽ, സ്റ്റാർസ്പോർട്സ് സെലക്ട് 1/ ഹോട്ട്സ്റ്റാർ)
ബോൺമൗത്ത് - കാർഡിഫ്
വാറ്റ്ഫോർഡ് - ബ്രൈറ്റൺ
(രണ്ട് മത്സരവും രാത്രി 7.30 മുതൽ, ഹോട്ട്സ്റ്റാർ)
ഫുൾഹാം - ക്രിസ്റ്റൽപാലസ്
(രാത്രി 7.30 മതൽ, സ്റ്റാർസ്പോർട്സ് സെലക്ട് 2/ ഹോട്ട്സ്റ്റാർ)
വൂൾവ്സ് - എവർട്ടൺ
(രാത്രി 10 മതൽ, സ്റ്റാർസ്പോർട്സ് സെലക്ട് 1/ ഹോട്ട്സ്റ്റാർ)

മഴയും വിക്കറ്റ് വീഴ്ചയും

ലോർഡ്സ്: മഴരസംകൊല്ലിയായെത്തിയ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യയ്ക്ക് ബാറ്റിംഗ് തകർച്ച. ആദ്യ ദിനം കനത്ത മഴമൂലം ടോസ് പോലും ചെയ്യാനായിരുന്നില്ല. രണ്ടാം ദിനമായ ഇന്നലെ ടോസ് നേടിയ ഇംഗ്ലണ്ട് ഇന്ത്യയെ ബാറ്റിംഗിനയച്ചു. ആൻഡേഴ്സണിന്റെമൂർച്ചയേറിയപേസിന്മുന്നിൽ മുട്ടുവിറച്ച ഇന്ത്യ ഇന്നലെ മഴമൂലം മത്സരം നിറുത്തി വയ്ക്കുമ്പോൾ 8.3 ഓവറിൽ 15/3 എന്ന നിലയിൽ തകർച്ച നേരിടുകയാണ്. ജെയിംസ് ആൻഡേഴ്സൺ രണ്ടുവിക്കറ്റെടുത്തപ്പോൾ ചേതേശ്വർ പൂജാര (1), റൺഔട്ടാകുകയായിരുന്നു. മുരളി വിജയിനെ (0) ആൻഡേഴ്സൺക്ലീൻബൗൾഡാക്കി.കെ.എൽ.രാഹുലിനെ (8) ആൻഡേഴ്സൺ ബെയർസ്റ്റോയുടെ കൈയിൽ എത്തിച്ചു. നായകൻ വിരാട് കൊഹ്ലിയും ഉപനായകൻ അജിങ്ക്യ രഹാനെയുമാണ് മഴമൂലം കളിനിറുത്തുമ്പോൾ ക്രീസിൽ.

കളി തുടങ്ങി അഞ്ചാം പന്തിൽ തന്നെ ഇന്ത്യക്ക് മുരളി വിജയിയെ നഷ്ടപ്പെട്ടു. പിന്നാലെ കെ.എൽ രാഹുലും പോയി. ഇതിന് പിന്നാലെ മഴ പെയ്തതോടെ മത്സരം നിർത്തിവെച്ചു. 6.3 ഓവറിൽ രണ്ട് വിക്കറ്റ് നഷടത്തിൽ 11 റൺസെന്ന നിലയിലായിരുന്ന ആ സമയത്ത് ഇന്ത്യ.

മഴ മാറിയതോടെ വീണ്ടും കളി തുടങ്ങി. രണ്ട് ഓവർ എറിയുമ്പോഴേക്കും വീണ്ടും മഴയെത്തി. പക്ഷേ അതിനിടയിൽ ഇന്ത്യക്ക് ഒരു വിക്കറ്റ് കൂടി നഷ്ടപ്പെട്ടു. അരങ്ങേറ്റ താരം ഒളിവർ പോപ്പ് പൂജാരയെ റൺഔട്ടാക്കുകയായിരുന്നു.

രണ്ടു മാറ്റങ്ങളോടെയാണ് ഇന്ത്യ രണ്ടാം ടെസ്റ്റിൽ കളിക്കുന്നത്. ഫോം കണ്ടെത്താൻ വിഷമിക്കുന്ന ശിഖർ ധവാനു പകരം ചേതേശ്വർ പൂജാര ടീമിലെത്തി. ചൈനാമാൻ ബൗളർ കുൽദീപ് യാദവും ടീമിൽ ഇടംപിടിച്ചു. പകരം ഉമേഷ് യാദവ് പുറത്തായി. ഇംഗ്ലണ്ട് നിരയിൽ ഒളിവർ പോപ്പ് അരങ്ങേറ്റം കുറിച്ചു. ബെൻ സ്റ്റോക്സിനു പകരം ക്രിസ് വോക്സും കളിക്കുന്നു.

ആൻഡേഴ്സണിന്റെ ബാളിൽ മുരളി വിജയ് ക്ലീൻബൗൾഡായപ്പോൾ

ദക്ഷിണാഫ്രിക്കഎ ടീമിനെതിരായ രണ്ടാം അൺഒഫീഷ്യൽ ടെസ്റ്റിൽ സെഞ്ചുറി നേടിയ ഹനുമ വിഹാരി

ഇന്ത്യ മികച്ച നിലയിൽ

- ബംഗളൂരുവിൽദക്ഷിണാഫ്രിക്കയ്ക്കെതിരായ രണ്ടാമത്തെ അൺഒഫീഷ്യൽ ടെസ്റ്റിന്റെ ഒന്നാം ദിനം ഇന്ത്യ മികച്ച നിലയിൽ. ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിനിറങ്ങിയ ഇന്ത്യ ഒന്നാം ദിനം സ്റ്റമ്പെടുക്കുമ്പോൾ 4 വിക്കറ്റ് നഷ്ടത്തിൽ 322 റൺസ് എന്ന നിലയിലാണ്.
- സെഞ്ചുറിയുമായി പുറത്താകാതെ നിൽക്കുന്ന വൺ ഡൗൺ ബാറ്റ്സ്മാൻ ഹനുമ വിഹാരിയാണ് ഇന്ത്യൻ ഇന്നിംഗ്സിന്റെ നട്ടെല്ല്. 273 പന്ത് നേരിട്ട് 13 ഫോറുൾപ്പെടെ വിഹാരി 138 റൺസ് നേടിക്കഴിഞ്ഞു.

ഇന്ത്യയ്ക്ക് ജയം, പരമ്പര

- ശ്രീലങ്കയ്ക്കെതിരായ അണ്ടർ 19 യൂത്ത് ഏകദിന പരമ്പര ഇന്ത്യയ്ക്ക്.
- ഇന്നലെ നടന്ന അഞ്ചാമത്തെ മത്സരത്തിൽ ശ്രീലങ്കയെ എട്ട് വിക്കറ്റിന് കീഴടക്കിയാണ് ഇന്ത്യ പരമ്പര സ്വന്തമാക്കിയത്.
- സ്കോർ : ശ്രീലങ്ക 212/9, ഇന്ത്യ 214/2
- സെഞ്ചുറി നേടിയ ഓപ്പണർ യശാവിഷ് ജയ്സ്വാൾ (114) ആണ് ഇന്ത്യയുടെ വിജയ ശില്പി.

കോടതി വരാന്തയിൽ നിന്ന് ഏഷ്യൻ ഗെയിംസിന്

▸അൻസാർ.എസ്.രാജ്

ജക്കാർത്തയിലെ ഏഷ്യൻ ഗെയിംസിൽ പങ്കെടുക്കാൻ കളിക്കളത്തിൽ മാത്രമല്ല കോടതി വരാന്തകളിലും പോരാടേണ്ട സ്ഥിതിയായിരുന്ന ഇന്ത്യൻ കായിക താരങ്ങൾക്ക്. ഇത്തവണ ഗെയിംസ് ടീം സെലക്ഷൻ സംബന്ധിച്ച് സുപ്രീം കോടതിയിലും വിവിധ ഹൈക്കോടതികളിലുമായി പത്ത് കേസുകളാണ് പരിഗണിച്ചത്. രണ്ടുമാസത്തോളമായി കോടതി കയറി ഇറങ്ങിയ ശേഷമാണ് പലതാരങ്ങൾക്കും ഇന്തോനേഷ്യയിലേക്ക് പോകാൻ അനുമതി ലഭിച്ചിരിക്കുന്നത്. ചിലരുടെ ഹർജികൾ തള്ളിയപ്പോഴും ചെയ്തു.

ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനാണ് വിവിധ കായിക ഇനങ്ങളിൽ നിന്ന് ഇന്ത്യയെ പ്രതിനിധീകരിക്കുന്നവരുടെ പട്ടിക പ്രസിദ്ധീകരിച്ചത്. അതതു കായിക ഫെഡറേഷനുകളാണ് ഐ.ഒ.എയ്ക്ക് ടീം ലിസ്റ്റ് സമർപ്പിച്ചത്. ആദ്യം 524 പേരുടെ പട്ടികയാണ് ഐ.ഒ.എ പുറത്തുവിട്ടത്. കേസുകളുടെ വിധി അനുസരിച്ച് അത് ഒടുവിൽ 575-ൽ എത്തിനിൽക്കുകയാണ്. സെയ്ലിംഗ്, ഇക്വിസ്ട്രേറിയൻ, ബാഡ്മിന്റൺ എന്നിവയിലെ സെലക്ഷൻ സംബന്ധിച്ച് രണ്ട് കേസുകൾ വീതമാണ് ഉണ്ടായിരുന്നത്. അത്‌ലറ്റിക്സ്, ബാഡ്മിന്റൺ,ഹാൻഡ്ബാൾതായ്ക്കൊണ്ടോ, ഡ്രാഗൺ ബോട്ട്റേസ് എന്നിവയിൽ ഓരോ കേസുകളും.

പല കേസുകളും കോടതികൾ അടിയന്തരപ്രാധാന്യം നൽകിയാണ് പരിഗണിച്ചത്. ബാഡ്മിന്റൺ ഡബിൾസ് ടീമിൽ തന്നെ ഒഴിവാക്കി ദേശീയ കോച്ച് പുല്ലേല ഗോപിചന്ദിന്റെ മകളെ ഉൾപ്പെടുത്തിയത് സംബന്ധിച്ച് മലയാളി താരം അപർണ ബാലൻ നൽകിയ ഹർജിയിൽ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് കോടതി സമയം കഴിഞ്ഞും വാദം കേട്ടു. അവസാന ഹിയറിംഗിന്ബാഡ്മിന്റൺഅസോസിയേഷനു വേണ്ടി ഹാജരായ സുപ്രീം കോടതി അഭിഭാഷകൻ നളിൻ കൊഹ്‌ലി രണ്ട് മണിക്കൂറോളമാണ് തുടർച്ചയായി വാദിച്ചത്. ഒടുവിൽ അപർണയുടെ അപ്പീലും കോടതി തള്ളിയിരുന്നു.

യാട്ടിംഗ് അസോസിയേഷൻ ഒഫ് ഇന്ത്യയ്ക്കെതിരെസെയ്‌ലർവർഷഗൗതം നൽകിയ ഹർജിയിൽ നിർണായകമായത് വർഷയെ ഒളിമ്പിക്സിൽ പങ്കെടുപ്പിക്കില്ലെന്ന അസോസിയേഷൻ സെക്രട്ടറിയുടെ ഭീഷണിയുടെ ശബ്ദരേഖയായിരുന്നു. അസോസിയേഷൻ സെക്രട്ടറി കോടതിയിൽ മാപ്പപറയേണ്ടിയും വന്നു. അലഹബാദ് ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അവസാന സമയം ഹാൻഡ്ബാൾ ടീമിനെ ഉൾപ്പെടുത്തേണ്ടി വന്നു. ഡൽഹി ഹൈക്കോടതി വിധി അനുസരിച്ചാണ് ഡ്രാഗൺ ബോട്ട്റേസ് ടീമിനെ ഉൾപ്പെടുത്തിയത്.

ഇതിനുമുമ്പ് മുന്നോ നാലോ കേസുകൾ മാത്രം ഉണ്ടായിരുന്ന സ്ഥാനത്താണ് ഇക്കുറി അതിന്റെ മൂന്നിരട്ടിയോളം കേസുകളുണ്ടായത്.

നീരജ് പതാകയേന്തും

ന്യൂഡൽഹി: ജാവലിൻ ത്രോയിലെ വിസ്മയ താരം നീരജ് ചോപ്ര ഏഷ്യൻ ഗെയിംസിന്റെ ഉദ്ഘാടനച്ചടങ്ങിലെ മാർച്ച്പാസ്റ്റിൽ ഇന്ത്യൻ പതാകയേന്തും. ഇന്ത്യൻ ഒളിമ്പിക്സ് അസോസിയേഷൻ പ്രസിഡന്റ് നരിന്ദ്ര ബത്ര ഇന്നലെയാണ് ഇക്കാര്യം പ്രഖ്യാപിച്ചത്. ഈമാസം 18 മുതൽ സെപ്തംബർ 2 വരെ ജക്കാർത്തയാണ് ഏഷ്യൻ ഗെയിംസിന് വേദിയാകുന്നത്. ജാവലിൻ ത്രോയിൽ ജൂനിയർ വിഭാഗത്തിലെ ലോകറെക്കാഡുകാരനായ നീരജ് നിലവിൽ കോമൺവെൽത്ത് ഗെയിംസിലെ സ്വർണമെഡൽ ജേതാവാണ്. കഴിഞ്ഞവർഷം ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിലും ഫിൻലൻഡിൽ കഴിഞ്ഞ മാസം നടന്ന സാവോ ഗെയിംസിലും ഇരട്ട സ്വർണം നേടിയിരുന്നു. ഹരിയാനയിലെ പാനിപ്പട്ട് സ്വദേശിയാണ് നീരജ്.

അഖിലകേരളഇന്റർസ്കൂൾബാസ്കറ്റ്ബാൾടൂർണമെന്റ്സിൽവർ ഹിൽസ് ഇൻഡോർ സ്റ്റേഡിയത്തിൽ സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ടി. പി.ദാസൻഉദ്ഘാടനം ചെയ്യുന്നു

ഇന്റർ സ്കൂൾ ബാസ്കറ്റ്ബാൾ ടൂർണമെന്റ് തുടങ്ങി

കോഴിക്കോട്: സിൽവർ ഹിൽസ് ട്രോഫിക്ക് വേണ്ടിയുള്ള അഖില കേരള ഇന്റർ സ്കൂൾ ബാസ്കറ്റ്ബാൾ ടൂർണമെന്റ് സിൽവർ ഹിൽസ് ഇൻഡോർ സ്റ്റേഡിയത്തിൽ തുടക്കമായി.

ഉദ്ഘാടന മത്സരത്തിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ കോഴിക്കോട് സിൽവർ ഹിൽസ് എച്ച്.എസ്.എസ് മഞ്ചേരി ഗവ. ബോയ്സ് എച്ച്.എസ്.എസിനെ (73-33) പരാജയപ്പെടുത്തി. രണ്ടാമത്തെ മത്സരത്തിൽ സിൽവർ ഹിൽസ് പബ്ലിക് സ്കൂൾ കോഴിക്കോട് സെന്റ്ജോസഫ്സ്കൂളിനെ(39-19) പരാജയപ്പെടുത്തി. സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ടി. പി. ദാസൻ ഉദ്ഘാടനം ചെയ്തു. ഫാദർ തോമസ് തെക്കേൽ അദ്ധ്യക്ഷത വഹിച്ചു. ഗായിക ശ്രേയ ജയദീപ് മുഖ്യാതിഥിയായിരുന്നു.

ഏഷ്യൻ ഗെയിംസിൽ രാജ്യത്തെ പ്രതിനിധീകരിക്കുക എന്നത് ഓരോ താരത്തിനും ഏറെ അഭിമാനകരമായ നേട്ടമാണ്. ജക്കാർത്തയിൽ രാജ്യത്തിന്റെ പേര് വാനോളമുയർത്താൻ എല്ലാവർക്കും കഴിയണം. മത്സരിക്കാനിറങ്ങുമ്പോഴും ഗെയിംസ് വില്ലേജിലും മാന്യത പുലർത്തണം. നിങ്ങളുടെ വ്യക്തിഗത പേരല്ല, ഇന്ത്യ എന്ന ഒറ്റവിലാസത്തിലായിരിക്കണം അറിയപ്പെടേണ്ടത്. രാജ്യത്തിന് അപമാനകരമായ ഒരു കാര്യവും താരങ്ങളിൽ നിന്ന് ഉണ്ടാകരുത്. ഇന്ത്യയെന്ന മഹാരാജ്യത്തെ ജനങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ നിങ്ങൾക്ക് കഴിയട്ടെ.

കേന്ദ്ര കായിക മന്ത്രി രാജ്‌വർദ്ധൻ സിംഗ് റാത്തോർ, ഇന്ത്യൻ താരങ്ങളെ ഗെയിംസിന് യാത്രയാക്കാൻ കൂടിയ ചടങ്ങിൽ പറഞ്ഞത്.

സൗകര്യങ്ങൾ ഒരുക്കൂ, ഈ കുട്ടികൾ ഇരച്ചുകയറും

തിരുവനന്തപുരം: മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതാണ് ഇന്ത്യയിൽ ഫുട്ബാൾ പിന്നിലേക്കുരുളാനുള്ള പ്രധാനകാരണമെന്ന് ഇംഗ്ലീഷ് ക്ലബ്ആഴ്സനലിന്റെയൂത്ത്അക്കാഡമിപരിശീലകരിൽ ഒരാളും ഇംഗ്ലണ്ട് യൂത്ത് ഫുട്ബാൾ ടീം ഡെവലപ്മെന്റ് അംഗവുമായ ക്രിസ് ആബേൽ പറഞ്ഞു. ഇന്നലെ തിരുവനന്തപുരത്ത് മാദ്ധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ശാരീരിക ക്ഷമതയിലും കായിക ശേഷിയിലും ഇന്ത്യൻ കുട്ടികൾ ആരുടെയും പിന്നിലല്ലെന്ന് കോവളം എഫ്.സിയിലെ താരങ്ങൾക്കൊപ്പമുള്ള പരിശീലന സെക്ഷനിൽ നിന്ന് വ്യക്തമായി. മികച്ച പന്തടക്കവും അതുപോലെ തന്നെ ഏറെ നേരം തളരാതെ കളിക്കാനും അവർക്ക് കഴിഞ്ഞു. ഇന്ത്യൻ ടീമിലെത്താൻ യോഗ്യതയുള്ള നിരവധി താരങ്ങൾ കേരളത്തിലുണ്ട്. ഇന്ത്യൻ ഫുട്ബാളിന്റെ ഭാവി ഏറെ ശോഭനമാണെന്നതിൽ ഒരുതർക്കവുമില്ല. കുട്ടികൾക്കായി മികച്ച നിലവാരത്തിലുള്ള ടൂർണമെന്റുകളും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കണം. വളർന്നുവരുന്ന പ്രതിഭകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഇന്ത്യ ഏറെ പിന്നിലാണ്. ഈ സമീപനം മാറണം. ഇന്ത്യയെക്കാൾ സാമ്പത്തികമായി ഏറെ പിന്നിൽ നിൽക്കുന്ന ആഫ്രിക്കൻ രാജ്യങ്ങൾ ലോകകപ്പിൽ പങ്കെടുക്കുന്നു. കൂടുതൽ പണം ഈമേഖലയിൽ ചെലവാക്കാൻ അധികൃതർ തയ്യാറാകണം. ചെറുപ്രായത്തിലേ കുട്ടികളെ കണ്ടെത്തി നല്ല പരിശീലനം നൽകിയാലെ മികച്ച പ്രതിഭകളെ വളർത്തിയെടുക്കാനാകൂ.- ആബേൽ പറഞ്ഞു.

ഇംഗ്ലണ്ട് പാഠമാണ്

കഴിഞ്ഞ 15 വർഷത്തെ ചിട്ടയായ ഒരുക്കങ്ങളാണ് ഇത്തവണത്തെ ലോകകപ്പിലെ ഇംഗ്ലണ്ടിന്റെ മിന്നും പ്രകടനത്തിന്റെ പിന്നിലുള്ളതെന്ന് ആബേൽ ചൂണ്ടിക്കാട്ടി. പ്രതിഭയുള്ള താരങ്ങളെ കണ്ടെത്തി അവരെവളർത്തിക്കൊണ്ടുവരുന്നതിൽ ഇംഗ്ലണ്ട് ഫുട്ബാൾ അസോസിയേഷൻ (എഫ്.എ) മുന്നിട്ടിറങ്ങി. അതിന്റെ ഫലമായി 28 വർഷത്തിന് ശേഷം ലോകകപ്പിന്റെ സെമിഫൈനലിൽ എത്താൻ ഇംഗ്ലണ്ടിനായി. ദേശീയ ടീമിനെക്കാളും ക്ലബ് ഫുട്ബാളിനായിരുന്നു ഇംഗ്ലീഷ് ജനത പ്രാധാന്യം നൽകിയിരുന്നത്. ഈ ലോകകപ്പോടെ അതിന് മാറ്റം വന്നു തുടങ്ങി.

കോവളം എഫ്.സി താരങ്ങൾക്ക് പരിശീലനം നൽകാൻ എത്തിയ ആഴ്സനൽ യൂത്ത് അക്കാഡമി കോച്ച് ക്രിസ് ഏബൽ മാദ്ധ്യമ പ്രവർത്തകരോട് സംസാരിക്കുന്നു. കോവളം എഫ്.സിയുടെ പ്രധാന പരിശീലകൻ എബിൻ റോസ്, ചെയർമാൻ ചന്ദ്രഹാസൻ എന്നിവർ സമീപം. ഫോട്ടോ: എ.ആർ.സി. അരുൺ

പരിശീലന രീതി മാറി

ഫുട്ബാൾ തലച്ചോറുകൊണ്ട് കൂടി കളിക്കേണ്ട കളിയാണെന്ന് ആബേൽ ഓർമ്മിപ്പിച്ചു. അതിനാൽ പഴഞ്ചൻ രീതിയിൽ നിന്ന് മാറി കളിയെ മനശാസ്ത്രപരമായും സമീപിക്കേണ്ടത് ആവശ്യമാണ്. ഇപ്പോൾ ലോക ഫുട്ബാളിലെ പ്രമുഖ ടീമുകളെല്ലാം അത്തരത്തിലുള്ള പരിശീലനമാണ് താരങ്ങൾക്ക് നൽകുന്നത്. പ്രതിസന്ധിഘട്ടങ്ങളിൽ പതറാതെ മുന്നോറാൻ ഇത്കളിക്കാരെ പ്രാപ്തരാക്കും. മൈതാനത്തെ ബുദ്ധിപരമായ നീക്കങ്ങൾ കളിയുടെ ഗതിമാറ്റും. മെസ്യൂട്ട്ഓസിലിനെ പോലെ തലച്ചോറുപയോഗിച്ച് കളിക്കുന്ന താരങ്ങൾ നേട്ടങ്ങൾ ഉണ്ടാക്കുന്നത് നമ്മൾ സ്ഥിരം കാണുന്നതാണല്ലോ.

കുതിച്ചുയരാൻ കോവളം എഫ്.സി

പോരായ്മകൾ പരിഹരിച്ച് കരുത്തുള്ള താരങ്ങളെ വാർത്തെടുക്കാനാണ് കോവളം എഫ്.സി മാനേജ്മെന്റും താനും ശ്രമിക്കുന്നതെന്ന് ആബേൽ പറഞ്ഞു. അതിന് കഴിയുന്ന താരങ്ങളാണ് ഇപ്പോൾ കോവളത്തിനുള്ളതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ആഴ്സനലിനെ കൂടാതെ വടക്കേ അമേരിക്കയിലെ എഫ്.സി ഡാലസ്, അമേരിക്കൻ സൂപ്പർ ലീഗ് ടീം സാൻജോസ് എർത്ത്ക്വാക്ക് എഫ്.സി, സാൻഫ്രാൻസിസ്കോ എം.വി.എൽ.എ സോക്കർ ക്ലബ്, എന്നിവരുമായും കോവളം എഫ്.സി കൈകോർത്തിട്ടുണ്ട്. അടുത്ത ഒരു വർഷത്തിനുള്ളിൽ കോവളത്തിന്റെ താരങ്ങൾക്ക് വിദേശപര്യടനവും വിദേശ പരിശീലനവും ലഭ്യമാക്കുമെന്ന് കോവളം എഫ്.സി ചെയർമാൻ ചന്ദ്രഹാസനും ഹെഡ്കോച്ച് എബിൻ റോസും പറഞ്ഞു.